# ഓരോ വിളിയും കാത്ത്

**യു.കെ കുമാരൻ**

1. " *തക്ഷൻ കുന്ന് സ്വരൂപം* " - പേരുകേട്ട നോവലാണ്. ഇത് ആരുടെ രചനയാണ്?
   ഉത്തരം:- യു.കെ കുമാരൻ
2. പുതിയ അവസ്ഥയുമായി അമ്മ പതുക്കെ പതുക്കെ ഇണങ്ങി വരുന്നു. പുതിയ അവസ്ഥയായി സൂചിപ്പിക്കുന്നതെന്ത്?
   ഉത്തരം:- അച്ഛനില്ലാത്ത വീട്ടിലെ താമസം
3. വിളിച്ച ദിവസം അമ്മയുടെ മറുപടി ഉണ്ടായില്ലെങ്കിൽ അച്ഛൻ കോപം കൊണ്ട് തുടുക്കും. ഈ പ്രസ്താവ നയിൽ പ്രകടമാവുന്ന ഭാവമെന്ത് ?
   ഉത്തരം:- സ്നേഹം
4. "ഏതോ ദിശയിൽ നിന്നും അടിച്ചെത്തിയകാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയി രിക്കുന്നു" സൂചനയെന്ത്?
   ഉത്തരം:- അച്ഛന്റെ മരണം തീർത്ത ശൂന്യത
5. വരമ്പിലേക്ക് ചാഞ്ഞു കിടക്കുന്ന കതിരിൽ ചവിട്ടി ആതാ ആരോ നടന്നു പോകുന്നു. അച്ഛന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട വരികളിലെ സൂചനയെന്ത് ?
   ഉത്തരം:- അനുഭവജ്ഞാനമുള്ള കർഷകൻ
6. '<u>പൊരുളി</u>ല്ലാത്ത സംസാരമെന്ന് ആദ്യം തോന്നും'. അടിവരയിട്ട പദത്തിന്റെ അർഥമെന്ത്?
   ഉത്തരം:- സത്യം
7. "ഇപ്പോൾ ഇതൊരു വീടല്ല, നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും മതിലുകളുമെല്ലാം ഉണ്ടെങ്കിൽ പോലും ഇതൊരു വീടാകുന്നില്ല".എന്തുകൊണ്ട് ?
   ഉത്തരം:- അച്ഛന്റെ മരണം തീർത്ത ശൂന്യത
8. "അതോർത്ത് ഞ്ഞ് വെഷമിക്കണ്ട. ഞാനിവിടെ ഒറ്റക്കാണെന്ന് എനിക്ക് തോന്നീട്ടില്ല." അമ്മയുടെ തോന്നലിന്റെ അടിസ്ഥാനമെന്തായിരിക്കും?
   ഉത്തരം:- അച്ഛന്റെ സാന്നിധ്യം അമ്മ അനുഭവിക്കുന്നു.
9. <u>ക്ലാവു പിടിച്ച കണ്ണാടി</u>യിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.അടിവരയിട്ട പദത്തിന്റെ സൂചന കണ്ടെത്തുക.?
   ഉത്തരം:- അച്ഛന്റെ പ്രായവും രോഗാവസ്ഥയും
10. എല്ലാരുടേം <u>ഒരു കണ്ണ്</u> ഇങ്ങോട്ടൊന്നുണ്ടാകണേ. അടിവരയിട്ട പദത്തിന്റെ അർഥ സൂചനയെന്ത് ?
    ഉത്തരം:- ശ്രദ്ധ
11. "നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്ക്വോ നീയ്യ് "- അമ്മയുടെ ഈ ചോദ്യത്തിലെ ധ്വനി കുറിക്കുക?
    ഉത്തരം:- ഗ്രാമ സംസ്കൃതിയുടെ വിശുദ്ധി
12. 'ഇല്ലച്ചമ്മേ.ഒന്നും കേൾക്കീല്ല ടീവീന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ'. കുട്ടിയുടെ ഈ പരിഭവം പറിച്ചി ന്റെ സൂചനയെന്ത്?
    ഉത്തരം:- നഗര സംസ്കൃതിയുടെ ഒറ്റപ്പെടൽ
13. ഇപ്പോഴും എടേക്കുടെ പോണ ചിലർ വിവരമറിയാതെ ചോദിക്കും,മൂപ്പരെങ്ങോട്ടു പോയി.? ഞാൻ

പറയും പോയീന്ന്, പോയില്ലാന്ന് എനിക്കല്ലേ അറിയൂ.അടിവരയിട്ട ഭാഗം നൽകുന്ന സൂചനയെന്ത് ?

ഉത്തരം:- മരിച്ച പോയി

14. "ഞാനെങ്ങന്യാ,മോനേവര്വാ? അച്ഛൻ എന്നെ എപ്പോഴെ വിളിച്ചാണ്ടിരിക്കുകയാ.ഇന്നലേം വിളിച്ച. വിളിക്കുമ്പോ ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ". ഈ വരികളിൽ തെളിയുന്ന ഭാവമെന്ത്?

ഉത്തരം:- സ്നേഹവും വാത്സല്യവും

15. ഓരോ വിളിയും കാത്ത് എന്ന കഥയിലെ പ്രമേയമെന്ത് ?

ഉത്തരം:- ഭാര്യാ ഭർതൃബന്ധത്തിലെ വിശ്വാസ്യത

16. 'നാലില' എന്ന വാക്കിന്റെ വിഗ്രഹരൂപം?

ഉത്തരം:- നാല് ഇല

17. വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അച്ഛൻ വഴുതി വീണതുപോലെ അടിവരയിട്ട ഭാഗത്തിന്റെ സൂചനയെന്ത്?

ഉത്തരം:- വാർധക്യത്തിലെ ഒറ്റപ്പെടൽ അനുഭവിക്കുക

18. വിഷാദസ്വരം - വിഗ്രഹിക്കുക

ഉത്തരം:- വിഷാദത്തിന്റെ സ്വരം

19. കന്നിനെല്ല് - വിഗ്രഹിക്കുക

ഉത്തരം:- കന്നിയിലെ നെല്ല്

20. "നിർബന്ധിച്ച് അമ്മയെ ഒരിക്കലും നഗരത്തിലേക്ക് വിളിക്കരുത്. വിളിച്ചാൽ വരുമായിരിക്കും. പക്ഷേ തിരിച്ച പോകേണ്ട ചിന്തയിലായിരിക്കും എന്നും അമ്മ". (ഓരോ വിളിയും കാത്ത്) കഥയിൽ അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം മനസ്സിലാക്കാൻ മകന് കഴിയുന്നുണ്ടോ ? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

ഉത്തര സൂചന :- 1. അച്ഛൻ അമ്മ ആത്മബന്ധം അറിയുന്ന മകൻ
2. അമ്മയെ നഗരത്തിലേക്ക് ക്ഷണിക്കുന്നു
3. അമ്മക്ക് നാടിനോടുള്ള ബന്ധം
4. അച്ഛൻ മരിച്ചുവെന്ന് വിശ്വസിക്കാത്ത അമ്മ

21. "കാലത്തെ ബസ്സിനു തന്നെ ഞാള് പോകും, എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടോന്നുണ്ടാകണേ." "ഞാനെങ്ങന്യാ , മോനേവര്വാ? അച്ഛൻ എന്നെ എപ്പോഴെ വിളിച്ചാണ്ടിരിക്കുകയാ" (ഓരോ വിളിയും കാത്ത്) അമ്മയുടെ തീരുമാനത്തിൽ മാറ്റങ്ങളുണ്ടായത് എന്തു കൊണ്ടാവാം. വിശകലനം ചെയ്യുക?

ഉത്തര സൂചന :- 1. അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹം
2. അച്ഛൻ മരിച്ചുവെന്ന് വിശ്വസിക്കാത്ത അമ്മ

22. "ഞാനെങ്ങന്യാ,മോനേവര്വാ? അച്ഛൻ എന്നെ എപ്പോഴെ വിളിച്ചാണ്ടിരിക്കുകയാ.ഇന്നലേം വിളിച്ച. വിളിക്കുമ്പോ ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ " - (ഓരോ വിളിയും കാത്ത്) . അച്ഛനെ കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് ഓരോ വിളിയും കാത്ത് എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. ഓർമ്മകളിലൂടെ തെളിയുന്ന അച്ഛനെ കുറിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

ഉത്തര സൂചന:- 1. കഥാപാത്ര പരിചയം
2. കഥാപാത്ര സവിശേഷതകൾ
3. കഥാപാത്ര പ്രസക്തി
4. സ്വന്തം നിരീക്ഷണങ്ങൾ